# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 407 — 06-03-2012-ൽ മറുപടിക്ക്

## പൂക്കാട് വൈദ്യുതി സെക്ഷനു കീഴിൽ നടന്ന അപകടം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . കെ. ദാസൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പൂക്കാട് വൈദ്യുതി സെക്ഷനു കീഴിൽ സമീപകാലത്ത് തുടർച്ചയായി അപകടത്തിൽപ്പെട്ട് വൈദ്യുതി ബോർഡ് ജീവനക്കാർ മരിക്കാനിടയായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 10.08. 2011 ൽ ശ്രീ. സുരേഷ് എന്ന കരാർ തൊഴിലാളിക്കും 30.12.2011ൽ ബോർഡ് ജീവനക്കാരനായ ശ്രീ.പി.കെ.സൂരജിനും വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ചിട്ടുണ്ട്. |
| (ബി) മരണപ്പെട്ടവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ; | (ബി) 10.08.2011ൽ ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ കരാർ തൊഴിലാളിയായ ശ്രീ. സുരേഷിന്റെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് 7,41,680/- രൂപ അനുവദിക്കുകയും ടി തുക ശ്രീ. സുരേഷിന്റെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കോഴിക്കോട് വർക്ക്മെൻസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസിൽ 19.12.2011 ന് കെട്ടി വയ്ക്കുകയും |

ചെയ്തിട്ടുണ്ട്.

30.12.2011-ൽ അപകടമരണം സംഭവിച്ച ബോർഡ് ജീവനക്കാരനായ ശ്രീ.വി.കെ.സുരജിൻെറ ആശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് 7,83,560/-രൂപ അനുവദിക്കുകയും ടി തുക കോഴിക്കോട് വർക്ക്മെൻസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസിൽ കെട്ടിവയ്ക്കുന്നതിനുവേണ്ടി വടകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നഷ്ടപരിഹാരത്തിനു പുറമെ ബോർഡ് ജീവനക്കാരനായ ശ്രീ. സുരജിൻെറ ആശ്രിതർക്ക് വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡൻറ് ഇൻഷുറൻസ് പദ്ധതി പ്രകാരം 8 ലക്ഷം രൂപ സംസ്ഥാന ഇൻഷുറൻസ് ഡിപ്പാർട്ട്മെൻറിൽ നിന്നും ഇൻഷുറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുവാനും അർഹതയുണ്ട്. കൂടാതെ ശ്രീ. സുരജിൻെറ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി ബോർഡിൽ ആശ്രിത നിയമനത്തിനും അർഹതയുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അപകടത്തെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | അന്വേഷണ റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (ഡി) | ശ്രീ. പി.കെ. സൂരജിന്റെ അപകട മരണവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി സൗത്ത് ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയർ ശ്രീ. ഡി. എസ്. സജിത്‌കുമാർ, ഓവർസിയർ ശ്രീ. എ. സുനിൽ കുമാർ എന്നിവരെ അന്വേഷണ വിധേയമായി ബോർഡ് സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br>അപകടങ്ങൾ ഒഴിവാക്കുന്നതിനായി പെർമിറ്റ് സിസ്റ്റം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഇ) | പൂക്കാട് വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് ചെങ്ങോട്ടുകാവിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.